തിരുമുല്പാട് ഫൗണ്ടേഷൻ ഡിസംബർ 2020 ലക്കം

# വൈദ്യസംവാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ഇനി നിലനില്പിനായുള്ള പ്രവർത്തനകാലം

**എസ്. പി. രവി**
സെക്രട്ടറി
ചാലക്കുടിപുഴസംരക്ഷണസമിതി

2018 ലെ അതിരൂക്ഷമായ വെള്ളപ്പൊക്കത്തിന് ഒരു വയസ്സ് പൂർത്തിയാകുന്നതിനു മുൻപുതന്നെ കേരളം വീണ്ടും അതിതീവ്രമായ മഴയ്ക്കും അനുബന്ധദുരന്തങ്ങൾക്കും വിധേയമായിരിക്കുന്നു. പ്രകൃതിയെയും പരിസ്ഥിതിയെയും മറന്നുള്ള വികസനം ഭൂമിക്കേല്പ്പിച്ചിരിക്കുന്ന താങ്ങാനാകാത്ത ആഘാതങ്ങളുടെ പ്രതികരണമായി ലോകമാകെ ആവർത്തിച്ച് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരന്തങ്ങളെ തിരിച്ചറിയാൻ നമുക്കാകണം. നിർഭാഗ്യവശാൽ സർവ്വനാശത്തിന്റെ ഈ പാതയിൽനിന്നു മാറാൻ ലോകം ഇനിയും തയ്യാറല്ല. വർദ്ധിച്ച തോതിലുള്ള ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലും, ലോകത്തിന്റേ ശ്വാസകോശം എന്നറിയപ്പെടുന്ന ആമസോൺ വനങ്ങളിലെ കാട്ടുതീയുമെല്ലാം തെളിയിക്കുന്നത് അതാണ്.

കഴിഞ്ഞ വർഷത്തെ ദുരന്തങ്ങൾ നമുക്ക് നിരവധി പാഠങ്ങൾ നല്കിയിരുന്നു. എന്നാൽ ഈ പാഠങ്ങളെ, തിരിച്ചറിവുകളെ അവഗണിക്കാനാണ് നമ്മൾ നിശ്ചയിച്ചത്. സർക്കാരുകൾ 'വികസനരഥ'ത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്. വരാനിരിക്കുന്ന തലമുറകളെ മാത്രമല്ല ഇന്നത്തെ യുവതലമുറയുടെ കൂടി ജീവിക്കുവാനുള്ള അവകാശത്തെ ചവിട്ടിയരച്ചുകൊണ്ടു മാത്രമേ ഈ 'രഥ'ത്തിന് മുന്നോട്ടു പോകാനാകൂ

എന്ന യാഥാർത്ഥ്യം നമ്മൾ സൗകര്യപൂർവ്വം മറക്കുകയോ മറയ്ക്കുകയോ ചെയ്യുകയാണ്.

പാരിസ്ഥിതികവെല്ലുവിളികളെ പൊതുവെ മൂന്നു വിഭാഗങ്ങളാക്കാം. പ്രകൃതിവിഭവങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും നാശം; മലിനീകരണം, ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും. ഇതിൽ രണ്ടു ഘടകങ്ങൾ കഴിഞ്ഞ വർഷവും ഈ വർഷവും നമ്മൾ നേരിട്ട ദുരന്തങ്ങൾക്ക് നിദാനമായിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനം മനുഷ്യവംശത്തിന്റെ നിലനില്പ്പിനെ തന്നെ ചോദ്യം ചെയ്യുന്ന തലത്തിലേക്ക് നീങ്ങുകയാണ്. കരുതിയിരുന്നതിലും വളരെ വേഗത്തിൽ കൂടുതൽ രൂക്ഷമായ പ്രത്യാഘാതങ്ങളോടെയുമാണ് കാലാവസ്ഥ മാറുന്നത്. കഴിഞ്ഞ അരനൂറ്റാണ്ടിനിടെ ലോകത്തെ ശരാശരി അന്തരീക്ഷതാപനില ഒരു ഡിഗ്രി സെല്ഷ്യസിലധികം വർദ്ധിച്ചിരിക്കുന്നു. ഇത് രണ്ട് ഡിഗ്രി കടന്നാൽ ഭൂമിയിൽ മനുഷ്യർക്ക് ജീവിക്കാൻ ബുദ്ധിമുട്ടാകും എന്നാണ് ശാസ്ത്രജ്ഞർ മുന്നറിയിപ്പു നല്കുന്നത്. 2020നുള്ളിൽ തന്നെ കാതലായ ദിശാമാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന അനിയന്ത്രിതമായ കാലാവസ്ഥാവ്യതിയാനത്തെ നമുക്ക് നേരിടേണ്ടി വരും എന്നാണ് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്സ് പറയുന്നത്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനായി അദ്ദേഹം സെപ്തംബർ 21-23 ന് ന്യൂയോർക്കിൽ Climate Action Summit വിളിച്ചു ചേർത്തിട്ടുണ്ട്.

ഭൂമിയെ ബാധിച്ചിരിക്കുന്ന പനി ഗൗരവതരമായ രോഗങ്ങളുടെ ലക്ഷണമാണ്. ഒപ്പം തന്നെ പ്രതിരോധശേഷി കുറയുന്നതിനാൽ പുതിയ രോഗസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്ന അവസ്ഥകൂടിയാണ്. വിശ്രമവും ചികിത്സയും അനിവാര്യമാണ്. പക്ഷേ വിശ്രമം നമ്മൾ ഒട്ടും അനുവദിക്കുന്നില്ല. ചികിത്സകളാകട്ടെ തീരെ അപര്യാപ്തവുമാണ്. ഇപ്പോൾ ബാധിച്ചിരിക്കുന്ന പനി സമീപകാലത്തൊന്നും പൂർണ്ണമായി സുഖപ്പെടുത്താനാകില്ല. ചൂടു വർദ്ധിക്കുന്നത് പരമാവധി പരിമിതപ്പെടുത്തുവാൻ ശ്രമിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. പൂർണ്ണവിശ്രമം അനുവദിച്ചാൽപോലും (അന്തരീക്ഷ

താപനില ഉയർത്തുന്ന ഖനി ഇന്ധനങ്ങൾ കത്തിക്കുന്നതും വനങ്ങൾ നശിപ്പിക്കുന്നതും ഉൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തികളും ഉടൻ നിർത്തിയാലും) ഇപ്പോൾ ബാധിച്ചിരിക്കുന്ന രോഗങ്ങൾ മൂലം ചൂട് ഇനിയും അല്പം വർദ്ധിക്കുകതന്നെ ചെയ്യും. അതിനപ്പുറം രോഗം മൂർഛിക്കാവുന്ന പ്രവൃത്തികൾ തുടർന്നാൽ ചികിത്സ അസാദ്ധ്യമാക്കുന്ന തലത്തിലേക്ക് പനി വളരും എന്ന മുന്നറിയിപ്പാണ് കാലാവസ്ഥാശാസ്ത്രജ്ഞർ നല്കുന്നത്.

കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ പ്രത്യക്ഷത്തിൽ നമ്മൾ അനുഭവിച്ചു തുടങ്ങിയിട്ട് കുറച്ച് വർഷങ്ങളായി. നമ്മുടെ മഴയുടെ താളം മാറുകയാണ്. ഇടവപ്പാതിയിൽ തുടങ്ങി ഞാറ്റുവേലയിലും സവിശേഷഭാവങ്ങളിലൂടെ വളരുന്ന കാലവർഷം ഇനി കാണാനാകുമോ എന്നു സംശയമാണ്. തുലാവർഷവും വേനൽമഴയും മാറുകയാണ്. കടലിലെ ജലനിരപ്പ് മെല്ലെ മെല്ലെ ഉയർന്നുകൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് മാത്രമല്ല മഴക്കാലത്തു പോലും (മഴയില്ലാത്ത ദിനങ്ങളിൽ) അന്തരീക്ഷതാപനില ഉയരുകയാണ്. വേനൽക്കാലത്ത് അന്തരീക്ഷത്തിലെ ആർദ്രത വല്ലാതെ കുറയുന്നു. കാർഷികമേഖലയിലും ജലമേഖലയിലും ആരോഗ്യമേഖലയിലും സമീപകാലത്ത് ഉണ്ടാകുന്ന പല പുതിയ വെല്ലുവിളികളും കാലാവസ്ഥാവ്യതിയാനവുമായി കൂടി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സാധാരണ ജനങ്ങങ്ങൾ പലരും കഴിഞ്ഞ വർഷവും ഈ വർഷവും ഉണ്ടായ മഴക്കാലദുരന്തങ്ങളിലൂടെയാണ് കാലാവസ്ഥാവ്യതിയാനമെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നത്. 2018 ലെയും 2019 ലെയും ഓഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ അതിശക്തമായ മഴ മാത്രമല്ല 2017 ലെ ഓഖി ചുഴലിക്കാറ്റും 2016 ലെ അതിരൂക്ഷമായ വരൾച്ചയും തീവ്രകാലാവസ്ഥാപ്രതിഭാസങ്ങളുടെ ഗണത്തിൽ തന്നെയുള്ളതാണ്. യഥാക്രമം 2013, 2014, 2015 വർഷങ്ങളിൽ ഉത്തരാഖണ്ഡ്, ജമ്മുകാശ്മീർ, ചെന്നൈ എന്നിവിടങ്ങളിലുണ്ടായ പ്രളയവും Extreme Climate Events തന്നെയാണ്.

ഭൂമിയിൽ ഇതിനകം അഞ്ചുതവണ ജീവജാലങ്ങളുടെ കൂട്ടവംശനാശം സംഭവിച്ചിട്ടുണ്ട്. 44.4 കോടി വർഷങ്ങൾക്ക് മുൻപാണ്

ആദ്യത്തെ Mass Extinction സംഭവിച്ചത് എന്നു കരുതുന്നു. ഡിനോസറുകൾ അപ്രത്യക്ഷമായ അഞ്ചാമത്തെ കൂട്ടവംശനാശം ഏകദേശം 6.6 കോടി വർഷങ്ങൾക്ക് മുൻപാണ് ഉണ്ടായതെന്നു ശാസ്ത്രജ്ഞർ കണക്കാക്കുന്നു. ഇന്ന് കാലാവസ്ഥാവ്യതിയാനം, വനനശീകരണം, മലിനീകരണം തുടങ്ങിയ കാരണങ്ങളാൽ ഭൂമി ആറാമത്തെ കൂട്ടവംശനാശത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ് എന്ന് കരുതുന്ന ശാസ്ത്രജ്ഞർ നിരവധിയാണ്. ഭൂമിയിലുള്ള 10 ലക്ഷം ജീവിവർഗ്ഗങ്ങൾ വംശനാശത്തിലേക്ക് നീങ്ങുകയാണെന്നു ഐക്യരാഷ്ട്രസഭയുടെ പുതിയ പഠനം പറയുന്നു. വംശനാശം സംഭവിക്കുന്ന ജീവികളിൽ ഹോമോസാപ്പിയൻസ് ഉൾപ്പെടുമോ എന്ന് തീരുമാനിക്കുക മിക്കവാറും അടുത്ത 10 വർഷത്തിലെ മനുഷ്യരുടെ പ്രവൃത്തിയായിരിക്കും. മുതിർന്നവരല്ല കുട്ടികളാണ് ഇവിടെ പ്രതീക്ഷയുടെ ചെറുകിരണങ്ങൾ ഉയർത്തുന്നത്. സ്വീഡിഷ് പെൺകുട്ടി ഗ്രെറ്റ തൻബേർഗിന്റെ നേതൃത്വത്തിൽ അവർ സമരത്തിലാണ്. Fridays for Future എന്ന പേരിൽ എല്ലാ വെള്ളിയാഴ്ചകളിലും നടക്കുന്ന സമരങ്ങളിൽ വിവിധ ലോകരാജ്യങ്ങളിലായി ദശലക്ഷക്കണക്കിനു കുട്ടികൾ പങ്കെടുക്കുന്നു. തങ്ങളുടെ ഭൂമിക്ക് വേണ്ടി അവർ നടത്തുന്ന സമരങ്ങൾക്കൊപ്പം നില്ക്കാൻ ലോകത്തിനാകണം. സെപ്തംബർ 20 മുതൽ 27 വരെ ലോകമാകെ Climate Strike/Earth Strike നടക്കുകയാണ്.

കനത്ത മഴ മാത്രമല്ല ഇത്ര രൂക്ഷമായ വെള്ളപ്പൊക്കങ്ങൾക്ക് വഴിവച്ചതും ഇത്യധികം മലയിടിച്ചിലുകളും ഉരുൾപൊട്ടലുകളും ഉണ്ടാക്കിയതും. പണ്ട് മലയിൽ ശക്തമായ മഴപെയ്താലും അതിലൊരു ഭാഗം അവിടെ മണ്ണിലിറങ്ങിയിരുന്നു. ബാക്കി മാത്രമാണ് പുഴവെള്ളമോ മലവെള്ളമോ ആയി താഴേക്ക് ഒഴുകി വന്നിരുന്നത്. ഇടനാട്ടിൽ പെയ്തിരുന്ന മഴയിൽ നല്ലൊരു ഭാഗം നെൽവയലുകളിലും കുളങ്ങളിലും തണ്ണീർതടങ്ങളിലുമൊക്കെ ശേഖരിക്കപ്പെടുമായിരുന്നു. ബാക്കി മാത്രമേ പുഴകളിലേക്ക് ഒഴുകിയെത്തിയിരുന്നുള്ളു. സഹ്യപർവ്വതനിരകളെ പുതച്ചിരുന്ന വനാവരണം നഷ്ടമാവുകയും പലയിടത്തും മേൽമണ്ണ് ഒലിച്ചുപോകുകയും ചെയ്ത

തോടെ മഴവെള്ളത്തെ ഒട്ടും പിടിച്ചു നിർത്താൻ അതിനു കഴിയാതായി. അതോടെ ശക്തമായ മഴയിൽ വെള്ളപ്പൊക്കത്തിന്റെ രൂക്ഷത വർദ്ധിച്ചു എന്നു മാത്രമല്ല കാട്ടിലെ ഉറവകളും ചെറുചോലകളും ഇല്ലാതായതോടെ വേനലിൽ പുഴയൊഴുകാതെയുമായി. നെല്പ്പാടങ്ങളും തണ്ണീർതടങ്ങളും വ്യാപകമായി നികത്തിയതോടെ ഇടനാട്ടിലെ പെയ്ത്തുവെള്ളവും സംഭരിക്കാൻ ഇടമില്ലാതായി. 1978ൽ കേരളത്തിൽ 83 ലക്ഷം ഹെക്ടർ നെൽവയലുകൾ ഉണ്ടായിരുന്നു. 2008ൽ ഇത് രണ്ടുലക്ഷം ഹെക്ടറിൽ താഴെയായി ചുരുങ്ങി. ഇടനാടൻ തോടുകളില്ലാതാവുകയോ വല്ലാതെ ചുരുങ്ങുകയോ ചെയ്തതും മഴവെള്ളം ഒഴുകേണ്ട വഴികളിൽ റോഡുകളും കെട്ടിടങ്ങളുമെല്ലാം പണിതതും സ്ഥിതി രൂക്ഷമാക്കി.

കേരളത്തിലെ പുഴകളിൽനിന്നും വാണിജ്യാടിസ്ഥാനത്തിൽ വ്യാപകമായി മണൽ ഖനനം തുടങ്ങിയത് 1970 കളുടെ പകുതിയോടെയാണ്. അടുത്ത 20-25 വർഷങ്ങൾക്കുള്ളിൽ ആയിരക്കണക്കിനു വർഷങ്ങൾകൊണ്ട് നമ്മുടെ പുഴകളിൽ ഒഴുകിയെത്തിയിരുന്ന മണൽ മിക്കവാറും പൂർണ്ണമായും വാരിത്തീർത്തു കഴിഞ്ഞു. മണൽ ലഭ്യത ഇല്ലാതായതോടെ പകരക്കാരനായി M-Sand എന്ന പേരിൽ പാറപ്പൊടി ഉപയോഗിക്കാൻ തുടങ്ങി. ഇത് പശ്ചിമഘട്ടത്തിന് പുതിയ ആഘാതപർവ്വത്തിന്റെ തുടക്കമായിരുന്നു. ആയിരക്കണക്കിനു ക്വാറികൾ രാവും പകലുമില്ലാതെ ഈ മലനിരകളെ കാർന്നെടുത്തുകൊണ്ടിരിക്കുകയാണ്. പാറപൊട്ടിക്കുന്നതിനുള്ള വെടിയുടെയും JCB യുടെയും ശബ്ദവും പ്രകമ്പനവുമാണിന്നു പല മലയോരപ്രദേശങ്ങളുടെയും മുഖമുദ്ര. ആകാശകാഴ്ചകളിൽ മലത്തലപ്പുകളിലെ ആഴത്തിലുള്ള മുറിവുകളായി തെളിയുന്ന ക്വാറികളുടെ ചിത്രങ്ങൾ ആ മലനിരകളനുഭവിക്കുന്ന വേദനകൂടിയാണ് പകർത്തുന്നത്. കേരളത്തിന്റെ മലനിരകളിൽ പ്രവർത്തിക്കുന്ന 5924 കരിങ്കൽ ക്വാറികളെയാണ് കേരള വനഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞർ ഭൂപടത്തിൽ അടയാളപ്പെടുത്തിയത്. 2018 ലെ വെള്ളപ്പൊക്കത്തിനുശേഷം മാത്രം സംസ്ഥാനത്ത് 139 പുതിയ ക്വാറികൾക്ക് അനുമതി നല്കിയെന്നതും കവളപ്പാറയിലും

പുത്തുമലയിലും മണ്ണിനടിയിലായവർക്ക് വേണ്ടിയുള്ള തിരച്ചിൽ പോകലും പൂർത്തിയാകുന്നതിനു മുൻപു തന്നെ ക്വാറികളുടെ താല്ക്കാലികമായി നിർത്തി വച്ചിരുന്ന പ്രവർത്താനാനുമതി പുനഃസ്ഥാപിച്ചതും ഒട്ടും അംഗീകരിക്കാൻ കഴിയുന്ന നിലപാടല്ല.

വിനോദസഞ്ചാരവ്യവസായവികസനത്തിന്റെ പേരിൽ ഈ മലനിരകളിൽ വ്യാപകമായി റോഡുകളും റിസോർട്ടുകളും നിർമ്മിക്കാനാരംഭിച്ചത് 1990 കളുടെ അവസാനത്തോടെയാണ്. മൂന്നാറിലും വയനാടിന്റെ പല പ്രദേശങ്ങളിലും അവിടുത്തെ ഏറ്റവും വലിയ വെല്ലുവിളിയായി ഈ നിർമ്മാണങ്ങൾ മാറി.

2018 ൽ സംസ്ഥാനത്ത് അയ്യായിരത്തോളം ഇടങ്ങളിലാണ് മലയിടിച്ചിലും ഉരുൾപ്പൊട്ടലുകളും ഉണ്ടായത്. ഈ വർഷവും നിരവധി ഉരുൾപൊട്ടലുകളുണ്ടായി. മലയിടിഞ്ഞതിൽ മിക്ക പ്രദേശങ്ങൾക്കും സമീപത്ത് പ്രവർത്തിക്കുന്ന ക്വാറികളുടെയോ പുതിയതായി നിർമ്മിച്ചതോ വീതി കൂടിയതോ ആയ റോഡുകളുടെയോ പുതിയ നിർമ്മിതികളുടെയോ മറ്റു ഭൂവിനിയോഗമാറ്റത്തിന്റെയോ ചരിത്രം പറയാനുണ്ട്. അണക്കെട്ടുകളിൽ ഉൾപ്പെടെ ജലം കൈകാര്യം ചെയ്യുന്നതിലെ അജ്ഞതയും ഉത്തരവാദിത്വരാഹിത്യവും മഴക്കാലദുരന്തങ്ങൾ വർദ്ധിക്കുന്നതിനിടയായിട്ടുണ്ട്. മുന്നൊരുക്കങ്ങൾ നടത്തുന്നതിലും യഥാസമയം ഫലപ്രദമായ മുന്നറിയിപ്പുകൾ നൽകുന്നതിലും ഉൾപ്പെടെ ദുരന്തനിവാരണ സംവിധാനങ്ങൾക്കുണ്ടായ വീഴ്ചയും ഒരു പ്രധാനഘടകമായിരുന്നു.

കരിങ്കൽ ക്വാറികൾക്ക് യഥേഷ്ടം ഇനിയും ഏറെക്കാലം പ്രവർത്തിക്കാൻ ആകില്ല എന്നത് ആവർത്തിക്കുന്ന ദുരന്തങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന മറ്റു വിഭവങ്ങളും തീർന്നു കൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ ഇരുപത് വർഷങ്ങൾക്കപ്പുറം ഇന്നത്തെ രീതിയിലുള്ള കോൺക്രീറ്റ് നിർമ്മിതികൾ ഉണ്ടാകില്ല. മണലിനു പകരം M-Sand കൊണ്ടുവന്നതുപോലെ തീർച്ചയായും നമ്മൾ പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കും. അവ പരിസ്ഥിതിക്ക് ഇണങ്ങുന്നതോ കൂടുതൽ

നാശം വരുത്തുന്നതോ ആകാം. പക്ഷേ സ്വയം താമസിക്കാൻ വേണ്ടിയല്ലാത്ത ലക്ഷക്കണക്കിനു വീടുകൾ നിർമ്മിച്ച് പൂട്ടിയിടുന്ന രീതി നമ്മൾ തുടർന്നാൽ, രണ്ടും മൂന്നും പേർ താമസിക്കാൻ വൻ കൊട്ടാരം പണിയുന്ന അശ്ലീലം അവസാനിപ്പിക്കാൻ തയ്യാറാകാതിരുന്നാൽ ഒരു സാങ്കേതികവിദ്യയ്ക്കും നമ്മളെ രക്ഷിക്കാനാകില്ല. കെട്ടിടനിർമ്മാണത്തിനു വേണ്ടതിലും എത്രയോ അധികം വിഭവങ്ങളാണ് നമ്മൾ റോഡുകൾക്കും വിമാനത്താവളങ്ങൾക്കും തുറമുഖങ്ങൾക്കുമെല്ലാം വേണ്ടി ഉപയോഗിക്കുന്നത്. വിഴിഞ്ഞം പോർട്ടിനുമാത്രം 80 ലക്ഷം ടൺ കരിങ്കല്ലാണ് വേണ്ടത്. ഇവയൊന്നും വികസനമല്ല എന്നു നമ്മൾ തിരിച്ചറിയണം.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട ചില ചിന്തകൾ കൂടി പങ്കുവെച്ചുകൊണ്ട് അവസാനിപ്പിക്കാം. ലോകം ഇന്ന് പാരിസ്ഥിതിക അടിയന്തരാവസ്ഥയെ നേരിടുകയാണ്, ബ്രിട്ടണും അയർലന്റും തങ്ങളുടെ രാജ്യത്ത് കാലാവസ്ഥാ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. കൂടുതൽ രാജ്യങ്ങൾ ഈ പാത പിന്തുടരും എന്നാണ് കരുതുന്നത്. 2015 ൽ കാലാവസ്ഥാവ്യതിയാനം നിയന്ത്രിക്കുന്നതിനായി 195 രാജ്യങ്ങൾ പാരീസ് കരാറിൽ ഒപ്പുവച്ചിരുന്നു. കരാറിന്റെ ഭാഗമായി ഓരോ രാജ്യവും തങ്ങൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ (Nationally Determined Contributions) സമർപ്പിച്ചിരുന്നു. ആഗോളതാപവർദ്ധന 2°C നെക്കാൾ വളരെ താഴെ നിർത്തണം എന്നതാണ് കരാറിന്റെ ലക്ഷ്യം. എന്നാൽ ലോകരാജ്യങ്ങൾ സമർപ്പിച്ച NDC കൾ പൂർണ്ണമായി നടപ്പാക്കിയാലും 2100 ഓടെ താപവർദ്ധനവ് 2°C മുതൽ 3°C വരെയാകും എന്നാണ് ശാസ്ത്രജ്ഞർ കണക്കാക്കിയത്. 2020 ൽ ഈ NDCകൾ പുതുക്കേണ്ടതാണ്. (തുടർന്നും ഓരോ അഞ്ചുവർഷത്തിലും ഇത് പുതുക്കണം) പുതിയ നിർദ്ദേശങ്ങളിൽ ശക്തമായ നടപടികൾ വേണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് UN സെക്രട്ടറി ജനറൽ വിവിധ ലോകരാഷ്ട്രതലവന്മാരെ കണ്ടുകൊണ്ടിരിക്കുകയാണ്. പുതിയ നിർദ്ദേശങ്ങൾ ആഗോളതാപവർദ്ധന ശരാശരി 1.5°C മുതൽ 1.7°C നുള്ളിൽ (ഇന്നുള്ളതിനേക്കാൾ 0.5°C വർദ്ധന)

നിർത്തുവാൻ പര്യാപ്തമാണെങ്കിൽ! എങ്കിൽ പുതിയ തലമുറകൾക്ക് അവരുടെ ഭാവിയിൽ പ്രതീക്ഷ പുലർത്താം.

ആഗോളതലത്തിൽ കാലാവസ്ഥാവ്യതിയാനം പ്രതിരോധിക്കാനായി നമുക്ക് ചെയ്യാവുന്നത് പരിമിതമായ കാര്യങ്ങളാണ്. വ്യക്തികളും സർക്കാരുകളും സ്വകാര്യസംരംഭകരും നടപ്പാക്കുന്ന പദ്ധതികളുടെയും പ്രവൃത്തികളുടെയും കാർബൺ പാദമുദ്ര എന്നും പരിമിതപ്പെടുത്തുക എന്നതാണ് ഇതിൽ പ്രധാനം. അതിലുപരി പ്രാദേശികകാലാവസ്ഥയെ നിയന്ത്രിക്കുന്നതിനുള്ള ഉത്തരവാദിത്വം നമുക്ക് മാത്രമാണ്. പ്രത്യാഘാതങ്ങൾ കുറയ്ക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതും നമ്മൾ തന്നെയാണ്. കേരളം കൈക്കൊള്ളേണ്ട നടപടികളിൽ ഏറ്റവും പ്രധാനം പശ്ചിമഘട്ടമലനിരകളുടെ പരിസ്ഥിതി പുനഃസ്ഥാപനമാണ്. അതിനുള്ള നടപടികൾ ഉടൻതന്നെ ആരംഭിക്കണം. വലിയ വെല്ലുവിളികൾ നേരിടുന്ന തീരദേശമാണ് ഏറ്റവും ശ്രദ്ധിക്കേണ്ട രണ്ടാമത്തെ മേഖല. അവിടെ സമഗ്രവും പങ്കാളിത്താധിഷ്ഠിതവുമായ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാകണം. പുഴകളുടെ പുനരുജ്ജീവനം ഉൾപ്പെടെ സംസ്ഥാനത്തിന്റെ ജലസുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടാകണം. കാർഷികമേഖലയിൽ, ആരോഗ്യമേഖലയിൽ എല്ലാം കൂടുതൽ പഠനങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള നടപടികളും വേണം. പൊതുസമൂഹവും സർക്കാരുകളും ചേർന്നു വേണം ഈ പ്രവർത്തനങ്ങൾ നടത്തുവാൻ. ഇനി നിലനില്പ്പിനായുള്ള പ്രവർത്തനകാലമാണ്. പുതിയ തലമുറകൾക്ക് തങ്ങളുടെ ഭാവി സുരക്ഷിതമാക്കാനുള്ള കാലം. മുതിർന്നവർക്ക് ഇത് പ്രായശ്ചിത്തകാലം.

*2018 നവംബറിൽ നടന്ന വാഗ്ഭടസമീക്ഷയിലെ*
*രാഘവൻ തിരുമുല്പാട് അനുസ്മരണ പ്രഭാഷണത്തിന്റെ*
*പ്രസക്തഭാഗം*

■